# അഭിമാനം ക്ഷതപ്പെടുത്തലും പലിശയും

عَن عَبدِ الله بن مَسْعُود رَضِي الله عَنه : عَن النَّبيّ ﷺ قَالَ : الرِّبا ثَلاَثَة وسَبعُونَ بَابًا ، أَيسَرُها مِثلُ أَن يَنكِحَ الرَّجُلُ أُمّهُ ، وَإِنَّ أَربى الرِّبَا عِرضُ الرَّجُلِ المُسلِمِ

**അബ്ദുല്ലാഹിബ്നു മസ്ഊദി(റ)ൽനിന്ന്: നബി(സ) പറഞ്ഞു: “പലിശക്ക് എഴുപത്തിമൂന്നോളം കവാടങ്ങളുണ്ട്. അതിൽ ഏറ്റവും നിസ്സാരമായത് പോലും ഒരാൾ തന്റെ മാതാവിനെ വിവാഹം കഴിക്കുന്നതിന് സമാനമാണ്! എന്നാൽ ഏറ്റവും ഗുരുതരമായ പലിശ ഒരു മുസ്‌ലിമിന്റെ അഭിമാനം ക്ഷതപ്പെടുത്തലത്രെ.” ***

**അഭിമാനം** അമൂല്യമാണ്; പണം ചെലവിട്ടും ബലം പ്രയോഗിച്ചും ഒരാൾക്കും നേടിയെടുക്കാൻ കഴിയാത്ത ഒന്ന്. ജീവിതത്തിൽ പലതും ബലിനൽകി ദീർഘകാലത്തെ ത്യാഗപരിശ്രമങ്ങളിലൂടെ ഒരാൾ വളർത്തിയെടുക്കുന്നതാണത്. അതിനെ മുൻനിർത്തിയാണ് സമൂഹം ഒരാളെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നത്. അഭിമാനം നഷ്ടപ്പെടുന്നതോടുകൂടി ഒരാൾ ഒറ്റപ്പെടുകയും സമൂഹത്തിൽ അയാൾക്ക് ജീവിക്കാൻ കഴിയാതെവരികയും ചെയ്യുന്നു. അതുകൊണ്ടാണ് അഭിമാനം സംരക്ഷിക്കാൻ ജീവൻ തന്നെ ത്യജിക്കാൻ ആളുകൾ തയാറാവുന്നത്.

ഇസ്‌ലാം അഭിമാനത്തിന് വലിയ പ്രാധാന്യം കൽപിക്കുന്നു. രക്തവും ധനവും പോലെ അഭിമാനവും പവിത്രമാണെന്ന് അത് ഓർമിപ്പിക്കുന്നു. മറ്റൊരാളുടെ സമ്പത്ത് കൊള്ളയടിക്കാനോ ജീവൻ അപഹരിക്കാനോ ഒരാൾക്കും അവകാശമില്ലാത്തതുപോലെ, ഒരാളുടെ അഭിമാനം ക്ഷതപ്പെടുത്താനോ വ്യക്തിത്വത്തെ വിലയിടിച്ചുകാണാനോ ആർക്കും അധികാരമില്ല. വിടവാങ്ങൽ ഹജ്ജിലെ പ്രസംഗത്തിൽ പോലും നബി(സ) ഇക്കാര്യം ഊന്നിപ്പറയുകയുണ്ടായി: ‘ജനങ്ങളേ, കേൾക്കുക. നിങ്ങളുടെ രക്തവും ധനവും അഭിമാനവും പവിത്രമാണ്. ഈ ദിനത്തിന്റെയും ഈ മാസത്തിന്റെയും ഈ നാടിന്റെയും ആദരണീയത പോലെ (ബുഖാരി, മുസ്‌ലിം).

അഭിമാനം ക്ഷതപ്പെടുത്തൽ ഗുരുതരമായ പാപമാണ്. എല്ലാവർക്കും അവരവരുടേതായ അന്തസ്സ് ദീൻ വകവെച്ചുകൊടുത്തിരിക്കുന്നു. പരിഹാസം, പരദൂഷണം, ഊഹാപോഹം, ചീത്തപ്പേര് വിളിക്കൽ, ചുഴിഞ്ഞന്വേഷണം, കുത്തുവാക്ക് പറയൽ തുടങ്ങി അനേകം തെറ്റുകുറ്റങ്ങളെ ഖുർആൻ നിശിതമായി വിമർശിച്ചിട്ടുണ്ട്. വ്യക്തിയുടെ അന്തസ്സും അഭിമാനവും പോറലേൽക്കാതെ സംരക്ഷിക്കപ്പെടാൻ വേണ്ടിയാണിത്. സമൂഹത്തിലെ കുറ്റവാളികൾക്കു പോലും ഇസ്‌ലാം ഈ അവകാശം അംഗീകരിച്ചുകൊടുത്തിരിക്കുന്നു. ഒരു സംഭവം കാണുക: ഉഖ്ബത്തുബ്നു ആമിറി(റ)ന്റെ മുമ്പിൽ ഒരാൾ വന്നു. അയാൾ പറഞ്ഞു: ‘എനിക്ക് ചില അയൽവാസികളുണ്ട്. മദ്യപിക്കുന്നവരാണ്. അവരെ നിയമപാലകരുടെ മുന്നിലെത്തിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. എന്താണ് താങ്കളുടെ അഭിപ്രായം?’ ഉഖ്ബ പറഞ്ഞു: ‘താങ്കൾ അപ്രകാരം ചെയ്യരുത്. അവരെ ഉപദേശിക്കുകയും ദൈവശിക്ഷയെക്കുറിച്ച് ബോധവാന്മാരാക്കുകയും ചെയ്യുക.’ അയാൾ: ‘ഞാൻ അവരെ അതിൽനിന്നും വിലക്കാറുണ്ട്. എന്നിട്ടും അവർ മദ്യപാനം തുടർന്നുകൊണ്ടിരിക്കുന്നു. ഇനി അധികാരികളെ അറിയിക്കുകയല്ലാതെ മറ്റു മാർഗങ്ങളില്ല.’ ഉഖ്ബ: നിനക്ക് നാശം! നീ അങ്ങനെ ചെയ്യരുത്. തീർച്ചയായും അല്ലാഹുവിന്റെ റസൂൽ ഇപ്രകാരം പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്: ‘വല്ലവനും ഒരാളുടെ ന്യൂനതകൾ മറച്ചുവെച്ചാൽ ജീവനോടെ കുഴിച്ചുമൂടപ്പെട്ട ഒരു പെൺകുട്ടിക്ക് ജീവൻ നൽകിയവനെപോലെയാണവൻ!’ (അബൂദാവൂദ്, നസാഈ, ഇബ്നു ഹിബ്ബാൻ, ഹാകിം).

പലിശ അതീവ ഗുരുതരമായ പാപമാണ്. ഒരാളുടെ സമ്പത്ത് അന്യായമായി കൈയേറുകയാണ് പലിശയിലൂടെ. അല്ലാഹുവും റസൂലും അതിനെതിരിൽ യുദ്ധം പ്രഖ്യാപിക്കുകയും ഏഴു മഹാപാപങ്ങളിലൊന്നായി അതിനെ എണ്ണുകയും ചെയ്തിരിക്കുന്നു. നബിവചനത്തിന്റെ ആദ്യഭാഗം പലിശക്ക് അനേകം വാതിലുകളുണ്ടെന്നും അവയിൽ ഏറ്റവും നിസ്സാരമായതു പോലും ഒരാൾ തന്റെ മാതാവിനെ സമീപിക്കുന്നതുപോലെ മ്ലേഛമാണെന്നും പഠിപ്പിക്കുന്നു. പണം ഒരാൾക്ക് സമ്പാദിക്കാൻ കഴിയും; നഷ്ടപ്പെട്ടാൽ തിരിച്ചെടുക്കാനും കഴിഞ്ഞെന്നു വരും. പലിശ കൈപ്പറ്റിയവന് അതിൽ മനഃസ്താപം തോന്നിയാൽ, തന്നവനു തന്നെ അത് തിരിച്ചുനൽകി പ്രശ്നം പരിഹരിക്കാം. എന്നാൽ അഭിമാനം അങ്ങനെയല്ല. നഷ്ടപ്പെട്ടാൽ അത്രവേഗം തിരിച്ചെടുക്കാൻ കഴിയുന്നതല്ല അത്. ശരീരത്തിലേൽക്കുന്ന മുറിവുകളേക്കാൾ ആഴമുള്ളതാണ് അഭിമാനത്തിനേൽക്കുന്ന മുറിവുകൾ. അതിനാലാണ് അഭിമാനം വ്രണപ്പെടുത്തൽ ഏറ്റവും ഗുരുതരമായ ‘പലിശ’യായി നബി(സ) എണ്ണിയത്. ഇതേ ആശയമുള്ള വേറെയും വചനങ്ങളുണ്ട്. അനസ്(റ) റിപ്പോർട്ട് ചെയ്യുന്നു: ‘ഒരിക്കൽ നബി പലിശയുടെ ഗൗരവത്തെക്കുറിച്ച് പ്രസംഗിക്കവെ, പറഞ്ഞു: ഒരാൾ പലിശയിലൂടെ കൈക്കലാക്കുന്ന ഒരു ദിർഹം, തെറ്റിന്റെ കാര്യത്തിൽ അല്ലാഹുവിന്റെ അടുക്കൽ മുപ്പത്തിയാറ് പ്രാവശ്യം വ്യഭിചരിക്കുന്നതിനേക്കാൾ വലിയ പാപമാണ്. എന്നാൽ ഏറ്റവും വലിയ പലിശ ഒരു മുസ്‌ലിമിന്റെ അഭിമാനം നശിപ്പിക്കലത്രെ!’ (ബൈഹഖി)

മഹാപാപങ്ങളായ പലിശയെയും വ്യഭിചാരത്തെയും, നാം നിസ്സാരമെന്ന് ധരിക്കാറുള്ള അഭിമാനക്ഷതം പോലുള്ള കാര്യങ്ങളെയും താരതമ്യം ചെയ്തുകൊണ്ടുള്ള പ്രവാചകന്റെ താക്കീതുകൾ നമ്മെ പിടിച്ചുലക്കാൻ പോന്നതാണ്.

**ജഅ്ഫർ എളമ്പിലാക്കോട്**

* ഇമാം ഹാകിം *മുസ്തദ്റകിൽ* മേൽകൊടുത്ത പദങ്ങളോടുകൂടിത്തന്നെ ഈ ഹദീസ് ഉദ്ധരിച്ചിരിക്കുന്നു. ഇമാം ത്വബ്റാനി, ബൈഹഖി, ഇബ്നു അബിദ്ദുൻയാ തുടങ്ങിയവർ ചെറിയ വ്യത്യാസങ്ങളോടെയും ഈ നബിവചനം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിന്റെ നിവേദകപരമ്പര ഇമാം ബുഖാരിയുടെയും മുസ്‌ലിമിന്റെയും ഹദീസ് നിവേദക മാനദണ്ഡങ്ങൾ പ്രകാരം സ്വഹീഹ് ആണെന്ന് ഹാകിം അഭിപ്രായപ്പെടുന്നു. (മുസ്തദ്റക് – 2306)